മാതൃഭൂമി

25 May 2017



അമിതവണ്ണം കുറയ്ക്കുന്നതിന് സി.എം.എഫ്.ആർ.ഐ. വികസിപ്പിച്ച ന്യൂട്രാസ്യൂട്ടിക്കൽ ഉത്പന്നം വിപണിയിലിറക്കുന്നതിനുള്ള കരാർപത്രം ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ വി.എൽ.സി.സി. ഗ്രൂപ്പ് ഡയറക്ടർ സന്ദീപ് അഹുജയ്ക്ക് കൈമാറുന്നു

# അമിതവണ്ണം കുറയ്ക്കാൻ കടൽപ്പായലിൽ നിന്നുള്ള ഔഷധം വിപണിയിലേക്ക്

**കൊച്ചി:** അമിതവണ്ണവും കൊളസ്ട്രോളും കുറയ്ക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) കടൽപ്പായലിൽ നിന്ന് വികസിപ്പിച്ച ഔഷധം വിപണിയിലെത്തുന്നു. ഇതിനായി ആരോഗ്യരക്ഷാ ഉത്പന്ന നിർമാതാക്കളായ വി.എൽ.സി.സി. ഗ്രൂപ്പുമായി കരാറിൽ ഒപ്പിട്ടു. സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, വി.എൽ.സി.സി. ഗ്രൂപ്പ് ഡയറക്ടർ സന്ദീപ് അഹുജ, വൈസ് പ്രസിഡന്റ് ഡോ. എ. എച്ച്. സൈദി എന്നിവരാണ് കരാറിൽ ഒപ്പുവച്ചത്.

കടൽപ്പായലിൽ നിന്ന് ബയോ ആക്ടീവ് സംയുക്തങ്ങൾ വേർതിരിച്ചാണ് ഔഷധം നിർമിച്ചത്. അമിതവണ്ണം, ശരീരഭാഗങ്ങളിൽ അടിഞ്ഞുകൂടുന്ന കൊഴുപ്പ്, ട്രൈഗ്ലിസറൈഡ്, കൊളസ്ട്രോൾ എന്നിവ തടയാൻ ഇതിന് കഴിയും. പൂർണമായും പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ചാണ് നിർമാണം.

400 മില്ലിഗ്രാം അളവിലുള്ള കാപ്സ്യൂളുകളായിട്ടാവും വിപണിയിലെത്തുക. സസ്യാഹാരികൾക്കും ഉപയോഗിക്കാവുന്ന രീതിയിൽ സസ്യജന്യ കാപ്സ്യൂളുകളാണ് മരുന്നിന്റെ ആവരണമായി ഉപയോഗിച്ചിട്ടുള്ളത്. സി.എം.എഫ്.ആർ.ഐ.യിലെ മറൈൻ ബയോടെക്നോളജി വിഭാഗത്തിലെ ഡോ. കാജൽ ചക്രവർത്തിയാണ് ഉത്പന്നം വികസിപ്പിച്ചത്.